സ്പോർട്സ് സ്കൂളും സ്പോർട്സ് ഡിവിഷനും സ്പോർട്സ് ഹോസ്റ്റലും ഏർപ്പെടുത്തി കുഞ്ഞുന്നാൾ മുതൽക്കേ ആവശ്യമായ പോഷകാഹാരവും പരിശീലനവും നൽകി നല്ല സ്പോർട്സ് താരങ്ങളെ വളർത്തിയെടുക്കാൻ തീരുമാനിച്ചത്.

ശ്രീ. എം.വി. രാഘവൻ: സ്പോർട്സ് താരങ്ങളുടെ കൂട്ടത്തിൽ സർക്കസ് താരങ്ങൾ ഉൾപ്പെടുമോ? ലോകപ്രസിദ്ധരായ സർക്കസ് താരങ്ങൾ കേരളത്തിലെ താരങ്ങളാണ്. അവരുടെ ദുരിതങ്ങൾ വർണ്ണിക്കാനാവാത്തതാണ്. അവർക്ക് എന്തെങ്കിലും സഹായം നൽകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സർക്കസ് ഒരു കല എന്ന നിലയിൽ ഏതു രീതിയിൽ പ്രോൽസാഹിപ്പിക്കാൻ കഴിയും എന്നു പരിശോധിക്കാം. സ്പോർട്സ് ഇനങ്ങളെ അമെച്വർ എന്ന നിലയിലാണ് കൈകാര്യം ചെയ്യുന്നത്. സർക്കസ് പ്രൊഫഷണൽ കലയായിട്ടാണ് കരുതിപ്പോരുന്നത്.

ശ്രീ. ടി. എ. പരമൻ: ആക്ഷേപങ്ങളടങ്ങിയ പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. ആ ആക്ഷേപങ്ങളെസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: പത്രറിപ്പോർട്ടുകളുള്ളതല്ലാതെ രേഖാമൂലം എന്തെങ്കിലും പരാതി ലഭിച്ചിട്ടില്ല. ആക്ഷേപങ്ങളിലൊന്ന് ദിനബത്തയും മറ്റും പോരെന്നാണ്. അതിനെപ്പറ്റി നേരത്തെ സൂചിപ്പിച്ചു. എന്തുമാത്രം അതു മെച്ചപ്പെടുത്താൻ കഴിയും എന്നു പരിശോധിക്കുന്നതാണ്. മറ്റൊന്ന്, എട്ടുരൂപ തന്നെ കിട്ടിയില്ല, ഏഴു രൂപയേ കിട്ടിയുള്ളു എന്ന പരാതിയാണ്. അതിനെപ്പറ്റി റിപ്പോർട്ടുകൾ ലഭിച്ച ശേഷമേ നടപടി നടത്താൻ കഴിയൂ.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്ക് ജില്ലാ സ്റ്റേറ്റ് സ്പോർട്സ്, കൗൺസിലുകളിൽ പ്രാതിനിധ്യം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അവരുടെ സംഘടനക്ക് അംഗീകാരം നൽകുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സർവ്വീസ് പ്രശ്നമാണ്. സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്ന ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾക്കു വിധേയമായിട്ട് പൊതുഭരണ വകുപ്പു പരിഗണിക്കേണ്ട പ്രശ്നമാണ്.

തൊഴിൽ രഹിതർക്ക് വായ്പ നൽകുന്ന പരിപാടി

* 482 [506] ഡോ. കെ.ജി. അടിയോടി:
ശ്രീ. വക്കം പുരുഷോത്തമൻ:
,, ഇ. നാരായണൻ നായർ:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, വി. ഈച്ചരൻ:
,, ടി.എച്ച്. മുസ്തഫ:
,, എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേതനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ വേതന പദ്ധതിയനുസരിച്ച് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ രഹിതർക്ക് വായ്പ

LIBRARY ARCHIVES Kerala Legislative Assembly

നൽകുവാൻ ഗവൺമെൻറ് ആവിഷ്കരിച്ച പരിപാടി നടപ്പിലായിക്കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് തൊഴിൽരഹിതർക്ക് എവിടെനിന്നാണ് വായ്പ ലഭിക്കുക;

(സി) വായ്പാ സംഖ്യ എത്ര; കാലാവധി എന്ത്;

(ഡി) ഈ തുകയ്ക്കു പലിശനിരക്ക് $7\frac{1}{2}$ ശതമാനം എന്നും സബ്സിഡി 4 ശതമാനം എന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്നാണ്, ഈ ഉത്തരവു പുറപ്പെടുവിച്ചത്;

(എഫ്) ഇപ്രകാരം വായ്പകൾ സ്വീകരിച്ച തൊഴിൽ രഹിതരുടെ എണ്ണം എത്ര;

(ജി) എത്രപേർ സ്വന്തമായി തൊഴിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ;

(എച്ച്) ഈ സ്കീമിൻറെ വ്യവസ്ഥകളിൽ പിന്നീട് എന്തെങ്കിലും വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടോ;

(ഐ) പലിശനിരക്ക് 16 ശതമാനമായി വർദ്ധിപ്പിക്കുകയും കാലാവധി 3 വർഷമായി ചുരുക്കുകയും ചെയ്തതിൻറെ കാരണമെന്ത്?

തൊഴിലും വേതനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഉണ്ട്.

(ബി) സഹകരണബാങ്കുകളിൽനിന്നോ പ്രൈമറി സഹകരണ സംഘങ്ങളിൽനിന്നോ ലഭിക്കും.

(സി) വായ്പാ സംഖ്യ നാലായിരം രൂപയാണ്. കുറഞ്ഞത് മൂന്നുകൊല്ലത്തിനകമോ പരമാവധി അഞ്ചുകൊല്ലത്തിനകമോ ഈ തുക തിരികെ അടയ്ക്കേണ്ടതാണ്.

(ഡി) ഇതിൻറെ പലിശനിരക്ക് $11\frac{1}{2}$ ശതമാനമാണ്. സബ്സിഡിയായി 4 ശതമാനം കൊടുക്കുന്നുണ്ട്.

(ഇ) 31.8.1978-ൽ.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) ഇല്ല.

(ഐ) പലിശനിരക്ക് വർദ്ധിപ്പിക്കുകയോ കാലാവധി ചുരുക്കുകയോ ചെയ്തിട്ടില്ല.

ഡോ. കെ. ജി. അടിയോടി: ഗവൺമെൻറിൻറെ നിഗമനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത് മൂന്നു വർഷമായിട്ടുള്ള ജോലിയില്ലാത്ത ആളുകൾക്കു ആനുകൂല്യമുള്ളൂ. അങ്ങനെയല്ലാത്ത ധാരാളം ആദിവാസികളും ഹരിജനങ്ങളും ഒക്കെ അർഹരായിട്ടുണ്ട്. അവർ രജിസ്റ്റർ ചെയ്തിട്ടുണ്ടാവില്ല. അതു കണക്കിലെടുത്തിട്ടുണ്ടോ? അവർക്കും ഈ ആനുകൂല്യങ്ങൾ നല്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: മനോരമയിൽ വന്നിട്ടുള്ളതിന് ഞാൻ ഉത്തരവാദിയല്ല. ഞാൻ പറഞ്ഞതുപോലെയായിരിക്കയില്ല വന്നിട്ടുള്ളത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. തൊഴിലില്ലായ്മ വേതനം ഇതേ നിലയിൽ തുടർന്നുകൊണ്ടുപോകാൻ കഴിയുകയില്ല, അതിൽ മാറ്റങ്ങൾ വരുത്തണം, ഈ രീതിയിൽ കൊടുത്താൽ ഇൻഡ്യാഗവൺമെന്റ് അതു വകവയ്ക്കുകയും പ്ലാനിൽപെടുത്തുകയും ചെയ്യുകയില്ല എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. പി.സി. ചാക്കോ പറഞ്ഞത് എന്താണെന്നൊന്നും ഞാൻ നോക്കിയിട്ടില്ല.

ശ്രീ. എം.വി. രാജൻ: എത്ര ആളുകൾക്കു വായ്പാ സൗകര്യം നൽകിയിട്ടുണ്ട്?

ശ്രീ. എം.കെ. രാഘവൻ: മുൻപ് അതിന്റെ കണക്ക് പറഞ്ഞിട്ടുണ്ടായിരുന്നു. 1,50,000-ത്തിൽ ചിലപ്പോൾ. ഇപ്പോൾ കൃത്യമായ കണക്ക് കൈവശമില്ല.

ശ്രീ. പിണറായി വിജയൻ: ഒന്നാം ഗഡു കൊടുക്കുകയും അതു കിട്ടിയ ആളുകളെ നാലാക്കി തരംതിരിക്കുകയും അതിൽ ഒരുതരക്കാർക്കു മാത്രം ജോലി കൊടുക്കുകയും അതിൽത്തന്നെ ചില പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉച്ചഭക്ഷണത്തിനുള്ള ഒന്നര ഉറുപ്പിക ഇല്ലാത്തതുകൊണ്ട് വരണ്ട എന്നു പറയുകയും ചെയ്ത് ഇങ്ങനെയെല്ലാമുള്ള ആളുകൾ ഉണ്ടായിരിക്കെ ഒന്നാം ഗഡു കിട്ടിയ ആളുകൾക്കെല്ലാം രണ്ടാം ഗഡു കൊടുക്കേണ്ടതല്ലേ?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെന്റ് എടുത്ത തീരുമാനം വളരെ വ്യക്തമാണ്; ഞാൻ വേണമെങ്കിൽ വായിക്കാം. It has been come to the notice of the Government that some person who have received the first instalment and who have been assigned the work, have refused to do the work allotted. ഇങ്ങനെയുള്ള ആളുകളൊഴിച്ച് മറെറല്ലാവർക്കും കൊടുക്കും. പണി അലോട്ടുചെയ്യുകയും അവർ പണിയെടുക്കുകയില്ലെന്നു ശഠിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുകയില്ലെന്നാണ്. അങ്ങനെയുള്ള ആളുകൾ ഒഴിച്ചാൽ, തൊഴിലെടുക്കാൻ സന്ദർഭമുണ്ടാകാതെ വന്ന ആളുകൾ ഉൾപ്പെടെയുള്ള ആളുകൾക്കെല്ലാം കൊടുക്കും. ഇങ്ങനെ നിഷേധിച്ച ആളുകൾക്കുമാത്രമേ കൊടുക്കാതിരുന്നിട്ടുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കായികതാരങ്ങളോട് അവഗണന കാണിച്ചതായി പരാതി

*433 [507] ശ്രീ. കെ.വി. കുര്യൻ:

ഡോ: ജോർജ്ജ് മാത്യു:

ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly